പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5545 | 1.7.2019 -ൽ മറുപടിയ്ക്ക്

ടൂറിസം രംഗത്തെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എസ്.രാജേന്ദ്രൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കേവലം വിനോദ സഞ്ചാരത്തിനപ്പുറം ഒരു ആഗോള വ്യവസായ സംരംഭമായി ടൂറിസം വളർന്നുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; | എ) | കേവലം വിനോദസഞ്ചാരത്തിനപ്പുറം ഒരു ആഗോള വ്യവസായ സംരംഭമായി ടൂറിസം വളർന്നുവരുന്നുവെന്നാണ് കരുതുന്നത്. ടൂറിസം വ്യവസായം എന്ന ലേബൽ തന്നെ ഇതിനുദാഹരണമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ട്രേഡ് അസോസിയേഷനുകളും മറ്റും ടൂറിസം വ്യവസായമായി കണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത് എന്നാണ് വകുപ്പ് കരുതുന്നത്. |
| ബി) | ഈ മേഖലയിലുള്ള അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് പുതുതായി ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ; | ബി) | ടൂറിസം മേഖലയിലെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരും ടൂറിസം വകുപ്പും പുതിയ പദ്ധതികൾ പലതും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വകുപ്പിന്റെ പുതിയ കാമ്പയിനായ "Human by Nature' ഇത്തരത്തിൽ ഒന്നാണ്. സർക്കാർ സമഗ്ര ടൂറിസം നയം അടിസ്ഥാനമാക്കിയാണ് പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതും. സ്വദേശത്തും വിദേശത്തും സംസ്ഥാന ടൂറിസം വളർച്ച മികച്ച രീതിയിലാക്കാൻ ഉതകുന്ന കാമ്പയിനുകളും വിപണന തന്ത്രങ്ങളും വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. സർക്കാർ ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് ഏറ്റവും പുതിയ പദ്ധതിയായാണ് അവതരിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | വിനോദസഞ്ചാരത്തോടൊപ്പം ആരോഗ്യ വിദ്യാഭ്യാസ, വൈജ്ഞാനിക ടൂറിസവും പഠനയാത്രകളും പ്രോത്സാഹിപ്പിക്കുക വഴി സീസണുകളെ മാത്രം അശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും സ്ഥിരവരുമാനദായകമാക്കുന്നതിനും കഴിയുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; | സി) | യഥാസ്ഥിതിക ടൂറിസം സീസൺ മാത്രം മുന്നിൽ കണ്ടല്ല ഇപ്പോൾ വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. സീസൺ അല്ലാത്ത സമയത്തെ ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ ഏറ്റവും മികച്ച ഉദാഹരണമാണ്. ഫാം ടൂറിസം, ബ്ലോഗ് എക്സ്പ്രസ് എന്നിവയും സീസൺ മാത്രം മുന്നിൽ കണ്ടല്ല നടപ്പിലാക്കുന്നത്. ആരോഗ്യം-വിദ്യാഭ്യാസം-വൈജ്ഞാനിക ടൂറിസവും പഠന യാത്രകളും പ്രോത്സാഹിപ്പിക്കാനുതകുന്ന പദ്ധതികൾ നടപ്പിൽ വരുത്തി 12 മാസവും കേരളത്തിൽ ടൂറിസം സീസണാണെന്ന പ്രതിച്ഛായ സൃഷ്ടിക്കുകയും ഇത് ഈ രംഗത്തും മറ്റും സ്ഥിര വരുമാനദായകമാക്കുന്നതിനും കഴിയുമെന്നാണ് വകുപ്പ് കരുതുന്നത്. |
| ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണസംഘങ്ങൾ സീസണുകളെ മാത്രം ആശ്രയിക്കാതെ സ്ഥിരവരുമാനം ലഭിക്കുന്ന തരത്തിൽ വിദ്യാഭ്യാസ, ആരോഗ്യ വൈജ്ഞാനികമേഖലകളിലെ പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ